നം.കെ.എസ്.എ-കെ.ടി.എം.പി12/1863/2016 തീയതി: 21.11.2016

# കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.11.2016ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.10.16 മുതൽ 4.11.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി രേഖ ആർ., ഓഡിറ്റ് ഓഫീസർ<br>2) ശ്രീ.രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3) ശ്രീമതി സുനിത എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷൈനി ജോസ്<br>ശ്രീ.സണ്ണി ഏബ്രഹാം | 1.4.15-16.11.15<br>17.11.15-31.3.16 |
| സെക്രട്ടറി | ശ്രീമതി ജെസ്സി ജോസഫ് | 1.04.15-31.3.16 |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി രശ്മി പ്രഭാകർ | 1.04.15-31.3.16 |
| വെറ്ററിനറി സർജൻ | ഡോ.പ്രസീനദേവ് | 1.04.15-31.3.16 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ജ്യോതി വി.<br>ഡോ.ജോർജ്ജ് മാത്യു | 1.04.15-9.11.15<br>10.11.15-31.3.16 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ശ്രീലത | 1.04.15-31.3.16 |
| മെഡിക്കൽ ഓഫീസർ-<br>ഹോമിയോ | ഡോ.ജ്യോതിഷ് കുമാർ<br>ഡോ.ഷെറീന കെ.പി. | 1.04.15-28.2.16<br>1.3.16-31.3.16 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി രാധാമണി കെ.എൻ. | 1.04.15-31.3.16 |
| വി.ഇ.ഒ | ശ്രീ.രഘു എം.ഡി. | 1.04.15-31.3.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജയശ്രീ എൽ.ആർ. | 1.04.15-31.3.16 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജാസ്മിൻ ജോൺ | 1.04.15-31.3.16 |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി റൂബി എ.എം. | 12.6.15-31.3.16 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശശിധരൻ നായർ<br>ശ്രീമതി പ്രീത എം.എസ്. | 1.4.15-25.8.15<br>25.08.15-31.3.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |

| | |
|---|---|
| 2-2 | 100 ച.മീ.കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100 ച.മീ.താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി ചുമത്തിയത് മൂലം നഷ്ടം |
| 2-3 | മൊബൈൽ ടവർ-ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തെയും നികുതി ചുമത്തുന്നില്ല |
| 2-4 | തൊഴിൽ നികുതി-ഈടാക്കിയിട്ടില്ല |
| 2-5 | കാലിബാരലുകളുടെ വില ഈടാക്കിയില്ല |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു |
| 3-2 | മുൻകൂർ നൽകിയ 30,000 രൂപയുടെ ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല |
| 3-3 | സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥന്റെ അനാസ്ഥ-പഞ്ചായത്തിന് ലഭിക്കേണ്ട 6.49 ലക്ഷം രൂപ നഷ്ടപ്പെടുത്തി |
| 3-4 | സോളാർ ലാമ്പ് സ്ഥാപിച്ചിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു |
| 3-5 | പെൺ സുരക്ഷ-നടത്തിപ്പിൽ അപാകതകൾ |
| 3-6 | പൂരകപോഷകാഹാരം-വിതരണം ചെയ്ത സാധനങ്ങളുടെ അളവിൽ കുറവ് |
| 3-7 | അങ്കണവാടികൾക്ക് പ്രഷർകുക്കറും പാത്രങ്ങൾ-അപാകതകൾ |
| 3-8 | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണമില്ലാത്ത സ്ഥാപനങ്ങളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു |
| 3-9 | വി.ഇ.ഒ., ഐ.സി.ഡി.എസ്. ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 19.03.2015 തീയതിയിലെ 1 - തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39,91,142 |
| വരവ് | 5,44,36,276 |
| ആകെ | 5,84,27,418 |
| ചെലവ് | 5,68,85,418 |
| നിക്കിയിരിപ്പ് | 15,42,000 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 28.7.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,33,12,292 |
| വരവ് | 2,86,71,860 |
| ആകെ | 4,19,84,152 |
| ചെലവ് | 3,36,16,165 |
| നീക്കിയിരിപ്പ് | 83,67,987 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5,09,416 | 67,81,378 | 72,90,794 | 72,90,794 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2,94,354 | 14,15,628 | 17,09,982 | 17,09,982 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 1,05,240 | 12,000 | 1,17,240 | 1,17,240 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 10,19,481 | 16,53,406 | 26,72,887 | 26,72,887 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 51,581 | 44,56,909 | 45,08,490 | 45,08,490 | 0 | 100 |
| 13-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8,21,707 | 35,75,131 | 43,96,838 | 43,96,838 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 25,88,269 | 21,53,764 | 47,42,033 | 47,42,033 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 3,28,86,700 | 120 | 2,32,47,511 | 11 | 28 | 70.68% |

സേവനമേഖലയിൽ വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്, ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിച്ച് പാലിയേറ്റീവ് കെയറിന് ആംബുലൻസ് വാങ്ങൽ, പശ്ചാത്തലമേഖലയിൽ വിവിധറോഡുകളുടെ ടാറിംഗ്, റീടാറിംഗ്, മെറ്റലിംഗ്, തുടങ്ങിയവയാണ് നടപ്പിലാക്കിയത്

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം -26.62.ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 37,64,465 | 26,47,082 | 11,17,383 | -29.68 |
| നികുതിയേതര വരവുകൾ | 6,76,142 | 3,35,777 | 3,40,365 | -50.33 |
| മറ്റുവരവുകൾ | 28,594 | 2,96,615 | 2,68,021 | 937.33 |
| ആകെ | 44,69,201 | 32,79,474 | 11,89,727 | -26.62 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94,320 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 26,85,180 | 304 |
| വിധവാ പെൻഷൻ | 48,33,000 | 484 |
| വാർദ്ധക്യകാലപെൻഷൻ | 70,13,700 | 1117 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,89,240 | ലഭിച്ചിട്ടില്ല |
| വികലാംഗ പെൻഷൻ | 25,48,740 | 242 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.11.16 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4243/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വൗച്ചറുകൾ മാസാടിസ്ഥാനത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളിലെ ചെലവുകളെ സാധൂകരിക്കുന്ന അനുബന്ധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.10.16 | 9/16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.04-9.12.04 | 97-98 to 2003-04 | 16.2.2005 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1)26.7.11ലെ ജി.ഒ.(എംഎസ് ) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആർ പി - 43 പ്രകാരമുള്ള കിട്ടാനുള്ള നികുതിവരവുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് കഴിയുന്നില്ല പരിശോധനാ സമയത്ത് കണ്ടെത്തിയ താഴെപ്പറയുന്ന അപാകതകൾ പരിഹരിച്ച് പുതുക്കിയ വാർഷിക കണക്ക് സമർപ്പിച്ചിട്ടുണ്ട്.

1)നെല്ലുത്പാതക ബോണസ് ഇനത്തിൽ ലഭിച്ച 15600/രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല.

2)എൻ.ആർ.ഇ.ജി.എ -കാഷ് ബുക്ക് പ്രകാരമുള്ള വരവും I-6 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുത്തിയിരുന്നില്ല.

## 2-2 100 ച.മീ. കൂടുതൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100 ച.മീ.താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തു നികുതി ചുമത്തിയതു മൂലം നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>കെട്ടിട ഉടമയുടെ പേര്, വിലാസം</th><th>കെട്ടിടനം</th><th>വിസ്തീർണ്ണം (ച..മീ)</th><th>നിർണയിച്ച നികുതി</th><th>നിർണ്ണയി ക്കേണ്ടി യിരുന്ന നികുതി</th><th>കുറവ്</th></tr>
<tr><td rowspan="3">1</td><td rowspan="3">പയസ് ആന്റണി& ആൻസമ്മ പയസ്, മണ്ണനാൽ</td><td>XI/11A</td><td>15m2</td><td>15*30 =450<br>10% ഇളവ്-45<br>------<br>ആകെ - 405</td><td rowspan="3">113*60 =6780<br>10% ഇളവ്--678<br>-----<br>6102</td><td rowspan="3">3051</td></tr>
<tr><td>XI/11B</td><td>20m2</td><td>20*30=600<br>10% ഇളവ്-60<br>------<br>540</td></tr>
<tr><td>XI/11C</td><td>20m2</td><td>20*30=600<br>10% ഇളവ്-60</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | ------<br>540 | | |
| | | XI/11D | 58m2 | 58*30=1740<br>10% ഇളവ്-174<br>------<br>1566 | | |
| | ആകെ | | 113 | 3051 | 6102 | 3051 |
| 2 | ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്, മൂഴൂർ | XII/290B | 112.43m2 | 112.3*60= 6746<br>10% ഇളവ്- = 675<br>20% വർദ്ധനവ് -1350<br>------<br>7421 | 139.61*60= 8377<br>10% ഇളവ്- = 837<br>20% വർദ്ധനവ് -1674<br>------<br>9214 | 896 |
| | | XII/290C | 27.18m2 | 27.18*30= 815<br>10% ഇളവ്- = 81<br>20% വർദ്ധനവ് -163<br>------<br>897 | | |
| | ആകെ | | 139.61 | 8318 | 9214 | 896 |

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4) നികുതിയിൽ വന്ന കുറവ് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 <u>മൊബൈൽ ടവർ - ഉപയോഗപ്പെടുത്തുന്ന മുഴുവൻ ഭാഗത്തെയും നികുതി ചുമത്തുന്നില്ല</u>

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ.(അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവ മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. സ.ഉ.(സാധാ)നം.707/14/തസ്വഭവ തീ.7/3/14 പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for

whatever purpose and of whatever material") കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും നികുതി ചുമത്തി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി- ഈടാക്കിയിട്ടില്ല

1. തൻവർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|
| എസ്.എച്ച്.കോൺവെന്റ് സീനിയർ സെക്കന്ററി സ്കൂൾ, ചെങ്ങളം | I,II |
| സപ്ലൈകോ മാവേലി സ്റ്റോർ, കാഞ്ഞിരമറ്റം | I,II |
| വെൽബ്രോസ് ഇന്റർനാഷണൽ ചെങ്ങളം | I,II |

2. താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | പി.എച്ച്.സി മുണ്ടൻകുന്ന് (എൻ.ആർ.എച്ച്.എം) | IInd Half |
| 2 | ആർ.പി.എസ്, കാഞ്ഞിരമറ്റം | Ist &IInd Half |

3. തൻവർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | റബർ മാർക്ക് പൂവത്തിളപ്പ് | Ist &IInd Half |
| 2 | ത്രിവേണി സ്റ്റോർ, ചെങ്ങളം | Ist &IInd Half |
| 3 | മിനി മുത്തൂറ്റ് | Ist &IInd Half |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നല്കി. മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 കാലി ബാരലുകളുടെ വില ഈടാക്കിയില്ല

സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻസ് 2009 വോള്യം 2 - 16.4.2 പ്രകാരം ബിറ്റുമിൻ കണ്ടെയിനറുകൾ കരാറുകാരന്റെയും സൈറ്റ് എഞ്ചിനീയറുടെ സഹായിയുടെയും സംയുക്ത സംരക്ഷണയിൽ സൂക്ഷിക്കുന്നതിനും, കാലിബാരലുകൾ കേടുകൂടാതെ സൈറ്റ് എഞ്ചിനീയർക്ക് കൈമാറുന്നതിനും വ്യവസ്ഥയുണ്ട്. കൈമാറാത്തതും കേടുപാടുകൾ ഉള്ളതുമായ ബാരലുകളുടെ വില ഈടാക്കാൻ സൈറ്റ് എഞ്ചിനീയർക്ക് ചുമതലയുണ്ട്. 2015-16 വർഷം വിവിധ പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം/പ്രോജക്ട് | ബിറ്റുമിൻ ഉപയോഗം | ബാരലുകളുടെഎണ്ണം (സൈറ്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത്) | കോൺട്രാക്ടർ | അളവുപുസ്തകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 56/16<br>മണ്ണൂർപ്പള്ളി-വെള്ളക്കടറോഡ് | 736.37 | 5 | പേര് വിവരം ലഭിച്ചിട്ടില്ല | 20/15-16 |
| 2 | 54/16<br>മൂഴൂർ-വാകമലപ്പടിറോഡ് | 741.64 | 5 | ജോസ് സിറിയക് | 44/15-16 |
| 3 | 61/16<br>പൂവത്തുംകുഴി-പാലക്കാട് റോഡ് | 2202.36 | 15 | സുജിത് പി.നായർ | 57/15-16 |
| 4 | 50/16<br>പൂവത്തിളപ്പ്-താന്നിപ്പാറ റോഡ് | 2205.11 | 15 | അൽഫോൻസ് ജോർജ് | 25/15-16 |
| 5 | 53/19<br>തെക്കുംതല -മേടക്കൽ | 1896.17 | 15 | ടോണി ജോൺ | 22/15-16 |
| 6 | 58/16<br>കരിമ്പാനി-പായിക്കാട് | 1892.94 | 13 | ജോഷി സക്കറിയ | 56/15-16 |
| 7 | 59/16<br>മണ്ണൂർപ്പള്ളി-പൂവേലിമറ്റം | 2181.44 | 14 | കെ.എം.ജോസഫ് | 19/15-16 |
| 8 | 55/16<br>ചാത്തൻപാറ-തറക്കുന്ന് | 1452.40 | 10 | ജോമോൻ എബ്രഹാം | 41/15-16 |
| 9 | 57/16<br>തച്ചിലങ്ങാട്-മുല്ലക്കരി | 1857.1 | 12 | അൽഫോൻസ് ജോർജ് | 6/15-16 |
| 10 | 52/16<br>ചെങ്ങളം-പന്തപ്ലാക്കൽ | 2197.92 | 15 | ജോഷി സഖറിയ | 55/15-16 |
| 11 | 62/16<br>മറ്റപ്പള്ളി-ചെളിക്കുഴി | 1528.22 | 15 | മാത്തച്ചൻ എം. വാടാന | 42/15-16 |
| 12 | 49/16 | 4430.78 | 29 | രാജു എബ്രഹാം | 46/15-16 |

| | | | | | |
|---|---|---|---|---|---|
| | ചൂരക്കുന്ന്-കൊട്ടേപ്പള്ളി | | | | |
| 13 | 60/16<br>ചെങ്ങളം-വെള്ളാപ്പള്ളി | 3657.69 | 24 | അൽഫോൺസ് ജോർജ്ജ് | 38/15-16 |
| 14 | 51/16<br>തകടിയേൽ-വാകമല | 1929.19 | 14 | ജോസ് സിറിയക് | 18/15-16 |
| 15 | 48/16<br>മഞ്ഞക്കാവ്-ചുണ്ടമല | 2202.80 | 15 | ഷാനി പി.ജേക്കബ് | 32/15-16 |
| 16 | 112/16<br>പാറശ്ശേരി-ഇടമുള | 2205.00 | 15 | ഷാനി പി.ജേക്കബ് | 31/15-16 |
| | | 33317.33 കി.ഗ്രാം | 231 | | |

മേൽ പ്രവൃത്തികൾക്കായി ഉപയോഗിച്ചിട്ടുള്ള വി.ജി 30 ഗ്രേഡ് ബിറ്റുമിൻ 231 ബാരലുകളിലാണ് ലഭിച്ചത് എന്ന് സൈറ്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. ഇതു പ്രകാരം 231 ബാരലുകളുടെ വില നികുതി സഹിതം വർക്ക് ബില്ലുകളിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. തുക ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്-1 ന് നല്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും വില ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 231 ബാരലുകൾക്ക് 250 രൂപ/ബാരൽ നിരക്കിൽ 57750/- രൂപ 12.5% നികുതിയായ 7219 രൂപ സഹിതം ഈടാക്കി ബാരൽ വില പ്രവൃത്തിക്ക് തുക ചെലവഴിച്ച ഫണ്ടിലും നികുതി നിശ്ചിത ഹെഡ്ഡിലും അടക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. ആയത് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ലഭിച്ചത്/തീയതി/തുക | നിലവിലെ ബാലൻസ് |
|---|---|---|
| സമ്പൂർണ്ണ ശുചിത്വം | ശുചിത്വ മിഷൻ<br>4/13-896265/- | 55,215 |
| വെറ്ററിനറി ഡിസ്പെൻസറി കോമ്പൗണ്ട് വോൾ നിർമ്മാണം | വെറ്ററിനറി ഡിസ്പെൻസറി മറ്റക്കര<br>3/13-5,00,000 | 43,178 |

| | | |
|---|---|---|
| പാട്യാലിമറ്റം പൊതുകിണർ | ജില്ലാ പഞ്ചായത്ത്<br>4/12-4,95,000 | 37,284 |
| പാലിയേറ്റീവ് കെയർ ആംബുലൻസ് വാങ്ങൽ | ജില്ലാ പഞ്ചായത്ത്<br>5/15-3,00,000 | 938 |

## 3-2 മുൻകൂർ നല്കിയ 30,000 രൂപയുടെ ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് (പ്രോ.നം 101/16) മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും 30,000 രൂപ ഡി.ഡി.നം 412989/15.03.2016 പ്രകാരം കെ.എസ്.എച്ച്. കോർപറേഷൻ, ആലപ്പുഴയിൽ അടച്ചിട്ടുണ്ട്. 7 മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ആശുപത്രിയിൽ ലഭിച്ചിട്ടില്ല. വിഷയം പഞ്ചായത്ത് കമ്മറ്റി പരിഗണിക്കേണ്ടതും മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ ഇനത്തിൽ ചെലവഴിച്ച 30,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 സാങ്കേതിക അനുമതി നല്കിയ ഉദ്യോഗസ്ഥന്റെ അനാസ്ഥ-പഞ്ചായത്തിന് ലഭിക്കേണ്ട 6.49 ലക്ഷം രൂപ നഷ്ടപ്പെടുത്തി

2015-16 വർഷം പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഡി.എസ്.ആർ -2014 ബാധകമാക്കിയിട്ടുണ്ട്. അകലക്കുന്നം പഞ്ചായത്തിൽ 2015-16 വർഷം ബിറ്റുമിൻ ആവശ്യമുള്ള 16 പ്രവൃത്തികൾക്കായി 33317 കി.ഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. (ഖണ്ഡിക 2-5 കാണുക) വി.ജി.30 ഗ്രേഡ് ബിറ്റുമിന് 41000/ടൺ വിലയും, വാട്ടർചാർജ്, കരാറുകാരന്റെ ലാഭം, ഓവർഹെഡ്ചാർജ്, കോസ്റ്റ് ഇൻഡെക്സ് എന്നിവയും അനുവദിച്ച് നല്കിയിട്ടുണ്ട്. ഇതു പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വില താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ബിറ്റുമിൻ വില | 41000/ടൺ |
| വാട്ടർചാർജ് 1% | 410 |
| | 41410 |
| കരാറുകാരന്റെ ലാഭം, ഓവർഹെഡ്ചാർജ് 15%· | 6211.50 |
| | 47621.50 |
| കോസ്റ്റ് ഇൻഡെക്സ് 1.4095<br>1 കി ഗ്രാമിന് 19.50 | 19501.00 |
| ആകെ | 67122.50/ടൺ<br>67.12/കി.ഗ്രാം |

ബിറ്റുമിൻ വില മാർക്കറ്റിൽ 32000/ടൺ ഉള്ളപ്പോളാണ് ഡി.എസ്.ആർ പ്രകാരം ടണ്ണിന് 41000/-നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നത്. ഇതുമൂലം കരാറുകാരന് അമിതലാഭം ഉണ്ടായിട്ടുണ്ട്. ഡി.എസ്.ആർ 2014 ആമുഖം ക്രമ നം. 7 പ്രകാരം ഡി.എസ്.ആർ നിരക്കും മാർക്കറ്റ് നിരക്കും തമ്മിൽ വലിയ വ്യത്യാസം ഇല്ലെങ്കിൽ കോസ്റ്റ് ഇൻഡെക്സ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥന് കഴിയും(The technical sanctioning

Authority may decide non application of cost index judiciously on the items, where the estimated cost of the item is close to the market rate.)ഈ അധികാരം സാങ്കേതിക അനുമതി നല്കുന്ന ഉദ്യോഗസ്ഥൻ വിനിയോഗിച്ചിരുന്നു എങ്കിൽ 33317.33 കി.ഗ്രാം ബിറ്റുമിന് കോസ്റ്റ് ഇൻഡക്സ് ആയി നല്കിയ 6,49,688/- രൂപ(33317.33x19.5=649687.935) ലാഭിക്കുവാൻ കഴിയുമായിരുന്നു. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനുള്ള അഭിപ്രായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിഷയവുമായി ബന്ധമില്ലാത്ത മറുപടിയാണ് നല്കിയത്. പഞ്ചായത്തിനുണ്ടായ ഭീമമായ നഷ്ടം ലഘൂകരിക്കുവാൻ സാങ്കേതിക അനുമതി നല്കിയ ഉദ്യോഗസ്ഥന് കഴിയുമായിരുന്നു. വിഷയം പഞ്ചായത്ത് കമ്മറ്റി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സോളാർ ലാമ്പ് സ്ഥാപിച്ചിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 117/16 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 75000/-(DD No.415837/17.9.15) |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലേക്ക് സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിനായി 75,000രൂപ(@30000*5=150000 /-രൂപയിൽ 50% തുക ഇൻസ്റ്റലേഷന് മുമ്പ് നൽകുന്നതിന്റെ ഭാഗമായി) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് കൊല്ലം എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. സോളാർ ലാമ്പുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 2 ന് ലഭിച്ച മറുപടിയിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിനായി ഫോൺ മുഖേനയും രജിസ്റ്റേർഡ് തപാലിലും ടി സ്ഥാപനത്തെ അറിയിച്ചതും മറുപടി ലഭിച്ചിട്ടില്ലാത്തതുമാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ ചെലവു തുക 75,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പെൺ സുരക്ഷ-നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം. - 167/16

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- വികസന ഫണ്ട് (ജനറൽ) -116797

ചെലവ് - വികസന ഫണ്ട് (ജനറൽ) -116797

സ.ഉ.സാധാ നം.2882/14/തസ്വഭ.വ തീ.5.11.14 പ്രകാരം കരാട്ടെ പരിശീലനം നല്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്. ആയതു പ്രകാരം അനൂപ് കെ.ജോൺ, ഇന്റർനാഷണൽ കരാട്ടെ ഓർഗനൈസേഷൻ, പള്ളിക്കത്തോട് എന്നയാളെ കരാട്ടെ പരിശീലനത്തിനായി തിരഞ്ഞെടുക്കുകയും 4 സ്കൂളിലെ കുട്ടികൾക്ക് ക്ലാസ് എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കരാട്ടെ പരിശീലനത്തിനുള്ള യൂണിഫോം 135 കുട്ടികൾക്ക് നല്കിയ ഇനത്തിൽ കീർത്തി അപ്പാരൽസ്, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിന് 60,479 രൂപ നല്കിയിട്ടുണ്ട്.(ഡി.ഡി.നം .412409/28.12.15).

യൂണിഫോം വിതരണ ചടങ്ങിനായി 6,570 രൂപ ചെലവ് വന്നതായും കാണുന്നു. യൂണിഫോം വിതരണ നോട്ടീസ് അച്ചടിച്ചതിന് 820 രൂപയും (ഫൈനൽ കട്ട് ക്രിയേഷൻസ്, പള്ളിക്കത്തോട്), യൂണിഫോം വിതരണം മൈക്ക് വാടകയിനത്തിൽ 1,750 രൂപയും (സരിഗ സൗണ്ട്സ്, കൊഴുവനാൽ), അന്നേ ദിവസത്തെ ഭക്ഷണ ചെലവിനത്തിൽ 4,000 രൂപയും (മയൂരാ ഹോട്ടൽ)ചെലവഴിച്ചിട്ടുണ്ട്. യൂണിഫോം വാങ്ങുവാനും, യൂണിഫോം വിതരണം ചെയ്യുന്നതിന് പ്രത്യേകം നോട്ടീസ് അച്ചടിക്കുവാനും മൈക്ക് അനൗൺസ്മെന്റ് നടത്തുവാനും ഭക്ഷണം നല്കുവാനും വികസന ഫണ്ട് വിനിയോഗിച്ചത് വികസന ഫണ്ട് വിനിയോഗത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയിതിനാൽ യൂണിഫോം വാങ്ങുന്നതിനായി ചെലവഴിച്ച 60,479 രൂപ തടസ്സപ്പെടുത്തുന്നു. ഇത്തരത്തിലുള്ള ഘടകങ്ങൾ പ്രോജക്ടിൽ

ഉൾപ്പെടുത്തുമ്പോൾ ടി ചെലവുകൾക്കുള്ള തുക ഗുണഭോക്തൃ വിഹിതമായി/തനത് ഫണ്ട് വിഹിതമായി കണ്ടെത്താൻ ശ്രദ്ധിക്കണം. സർക്കാർ വികസന പ്രവർത്തനങ്ങൾക്കു വേണ്ടി തരുന്ന വികസന ഫണ്ട് വിഹിതം ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 പൂരകപോഷകാഹാരം- വിതരണം ചെയ്ത സാധനങ്ങളുടെ അളവിൽ കുറവ്

പ്രോജക്ട് നം - 19/16

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- വികസന ഫണ്ട് (ജനറൽ) -11,13,913

കേന്ദ്രാവിഷ്കൃതം -3,00,000

ചെലവ് -വികസന ഫണ്ട് (ജനറൽ) -11,13,913

കേന്ദ്രാവിഷ്കൃതം -75,000

പൂരകപോഷകാഹാരം എന്ന പ്രോജക്ടിനു വേണ്ടി വാങ്ങിയ സാധനങ്ങളുടെ അളവും സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത സാധനങ്ങളുടെ അളവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ ചെക്ക് നം. | ഇൻവോയ്സ് നം. | ഇൻവോയ്സ് പ്രകാരമുള്ള സാധനത്തിന്റെ അളവ്/വില | ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | കുറവ് |
|---|---|---|---|---|---|
| 1 | 14/29.2.16 | 54/16.1.16, കൈരളി അമൃതം ഫുഡ് പ്രോഡക്ട്സ്, ഈരാറ്റുപേട്ട | 492pkt @Rs.56 / pkt | 486 | 6 |
| 2 | 16/22.3.16 | 61/22.3.16 കൈരളി അമൃതം ഫുഡ് പ്രോഡക്ട്സ്, ഈരാറ്റുപേട്ട | 492pkt @Rs.56 / pkt | 489 | 3 |

ടി വ്യത്യാസങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടി തൃപ്തികരമല്ല. അംഗനവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും സ്റ്റോക്കിൽ വന്ന കുറവ് ബോധ്യപ്പെട്ടു. ആയതിനാൽ കുറവ് വന്ന 9 പാക്കറ്റ് അമൃതം ഫുഡ് മിക്സിന്റെ വിലയായ 504(9x56) രൂപ നിരാകരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതും വാങ്ങുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ കൃത്യത പുലർത്താൻ ശ്രമിയ്ക്കേണ്ടതുമാണ്.

## 3-7 അങ്കണവാടികൾക്ക് പ്രഷർകുക്കറും പാത്രങ്ങൾ -അപാകതകൾ

പ്രോജക്ട് നം - 96/16

നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) -200000

ചെലവ് - മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) -193656

ബിൽ നം.-23/15-16/24.3.16

അങ്കണവാടികൾക്ക് പ്രഷർകുക്കറും പാത്രങ്ങളും നാഷണൽ ഹോം അപ്ലയൻസസ്, ഈരാറ്റുപേട്ട എന്ന

സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകുകയും ടിയിനത്തിൽ 1,93,656 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏതാനും അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ സൂപ്പർവൈസർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത സാധനങ്ങളുടെ എണ്ണവും അങ്കണവാടികളിലെ സാധനങ്ങളുടെ എണ്ണവും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അങ്കണവാടി നം./ പേര് | ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നല്കിയ സാധനങ്ങളുടെ എണ്ണം | ഭൗതിക പരിശോധന പ്രകാരം അങ്കണവാടികളിൽ നിലവിലുള്ള പാത്രങ്ങളുടെ എണ്ണം | ഒന്നിന്റെ വില |
|---|---|---|---|---|
| 1 | 12/കൂട്ടാക്കുഴി | സ്പൂൺ-12 | 10 | 9.49 |
| 2 | 14/കാഞ്ഞിരമറ്റം | സ്പൂൺ-10 | 8 | 9.49 |
| 3 | 15/മൈങ്കണ്ടം | സ്പൂൺ-25<br>ഗ്ലാസ് -24 | 8<br>8(സ്പൂൺ, ഗ്ലാസ്, പാത്രം എന്നിവ അങ്കണവാടി സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ല) | 9.49<br>14.5 |

കൂടാതെ ആകെ 575 ഗ്ലാസുകൾ വാങ്ങിയതിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 553 ഗ്ലാസുകൾ മാത്രമേ വിതരണം ചെയ്തിട്ടുമുള്ളൂ. 22 ഗ്ലാസുകൾ വിതരണം ചെയ്തിട്ടില്ലാത്തതായി കാണുന്നു. ഇപ്രകാരം കുറവ് വന്നതെങ്ങനെയെന്നതിന് വ്യക്തതയില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം തന്നെ പാത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് സൂപ്പർവൈസർ വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം കൈപ്പറ്റിയ സാധനങ്ങൾ മുഴുവനും സ്റ്റോക്കിലെടുക്കാതിരുന്നതും വാങ്ങിയ മുഴുവൻ സാധനങ്ങൾ വിതരണം ചെയ്യാതിരുന്നതും അങ്കണവാടി വർക്കർമാരുടെയും ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ടിയിനത്തിലെ 1,93,656 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എല്ലാ അങ്കണവാടികളിലും വിതരണം ചെയ്തതും നിലവിലുള്ളതുമായ പാത്രങ്ങളുടെ കണക്കെടുത്ത് ഐ.സി.ഡി.എസ്.സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണമില്ലാത്ത സ്ഥാപനങ്ങളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു

ജി.ഒ(എം.എസ്)112/14/ തസ്വഭവ 25.6.14 പ്രകാരം വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ (അങ്കണവാടി, ഫാമിലി സബ് സെന്റർ)ഗ്രാമകേന്ദ്രത്തിന്റെ ഓഫീസായി ഉപയോഗിക്കാവുന്നതും ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ വാടകകെട്ടിടം ഔഫീസിനായി കണ്ടെത്താവുന്നതുമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണമില്ലാത്ത താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചതായും അവയ്ക്ക് വേണ്ടി ഫർണ്ണിച്ചറുകൾ വാങ്ങിയതായും കാണുന്നു.

| സ്ഥാപനം | വാർഡ് |
|---|---|
| തെക്കുംതല ദേശീയവായനശാല | 10 |
| മഞ്ഞാമറ്റം പബ്ലിക് ലൈബ്രറി | 13 |
| ജ്ഞാനപ്രകാശിനി വായനശാല | 15 |
| തൊഴിക്കുന്ന് പബ്ലിക് ലൈബ്രറി | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9 ന് ലഭിച്ച മറുപടിയിൽ ടി വാർഡുകളിലെ അങ്കണവാടികളിൽ സ്ഥലസൗകര്യങ്ങൾ ഇല്ലാത്തതിനാലും മറ്റ് കെട്ടിടങ്ങളോ ലഭ്യമല്ലാത്തിനാലാണ് താത്ക്കാലികമായി ടി സ്ഥാപനങ്ങളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ

പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വി.ഇ.ഒ., ഐ.സി.ഡി.എസ്. ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം. | 164/16 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |
| ചെലവ് | 99600/-(DD No.413252/28.3.16) |
| വാങ്ങിയ ഉപകരണങ്ങൾ | കമ്പ്യൂട്ടർ -2 എണ്ണം<br>പ്രിന്റർ-2 എണ്ണം<br>യുപിഎസ്-2 എണ്ണം |

മേൽ പ്രോജക്ട് പ്രകാരം വി.ഇ.ഒ., ഐ.സി.ഡി.എസ്. ഓഫീസുകളിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാത്രമേ ഉപകരണങ്ങൾ കൈപ്പറ്റിയതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3 ന് ലഭിച്ച മറുപടിയിൽ വി.ഇ.ഒ ഓഫീസ് പ്രവർത്തിക്കുന്ന സാംസ്കാരിക നിലയത്തിൽ സുരക്ഷിതമായ സ്ഥലസൗകര്യങ്ങൾ ഇല്ലായെന്ന് വി.ഇ.ഒ. അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ടി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സകർമ്മ സോഫ്റ്റ്വെയർ പ്രവർത്തനത്തിന് തത്ക്കാലം കോൺഫെറൻസ് ഹാളിൽ ഉപയോഗിക്കുന്നതിന് തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വി.ഇ.ഒ. ഓഫീസിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 15/5/15 | 3,00,000 | പാലിയേറ്റീവ് കെയർ ആമ്പുലൻസ് വാങ്ങൽ | 2,99,062 | 938 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് | ചെമ്പിളാംകുന്ന് കുടിവെള്ള പദ്ധതി | DD No.413193/22.3.16 | 1,19,975 | 1,19,975 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനം | ജി.ഒ.എം എസ്90/2013 എൽ. എസ്.ജി.ഡി. 14.3.2013 | 70,78,425 | 38,61,425 | - | 23,24,300 | - | 15,37,125 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,55,650 |
| തൻവർഷം നിക്ഷേപിച്ച തുക (സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ) | 67,204 |
| ആകെ | 7,22,854 |
| തന്നാണ്ടിൽ പിൻവലിച്ച തുക | nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,22,854 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| SCB കാഞ്ഞിരമറ്റം No.1109 | 7,22,854 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,622 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2003-04 | 2-9 | 4,622 | ശ്രീ.പയസ്സ് ആന്റണി | 11504101729/17.12.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 4,19,84,152 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,36,16,165 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 57,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,59,135 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 57,750 | - | ശ്രീമതി രാധാമണി കെ.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | - | 504 | ശ്രീമതി ജയശ്രീ എൽ.ആർ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 30,000 | ഡോ.ഷെറീന കെ.പി., ഹോമിയോ, മെഡിക്കൽ ഓഫീസർ |
| 3-4 | 75,000 | ശ്രീമതി ജെസ്സി ജോസഫ്, സെക്രട്ടറി |
| 3-5 | 60,479 | ശ്രീമതി ജെസ്സി ജോസഫ്, സെക്രട്ടറി |
| 3-7 | 1,93,656 | ശ്രീമതി ജയശ്രീ എൽ.ആർ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | | 3,59,135 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-5 | 7,219 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധാമണി കെ.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ, അകലക്കുന്നം ഗ്രാമപഞ്ചായത്ത് | കാർത്തിക, പൗഡിക്കോണം പി.ഒ., തിരുവനന്തപുരം |
| ശ്രീമതി ജയശ്രീ എൽ.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അകലക്കുന്നം ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രഭ, പെരുമൺ പി.ഒ., കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96 | എൽ.എഫ്.കെ.പി12/632/14/അദാ/14/28.11.14 |
| 99-00 വരവുചെലവ് | എൽ.എഫ്.കെ.പി.12/632/14/അദാ(6)/14/28.11.14 |
| 2000-01 | എൽ.എഫ്.കെ.പി.12/632/14/അദാ(4)/14/28.11.14 |
| 2002-03 | എൽ.എഫ്.കെ.പി1/960/അദാ/എ1/2011/22.8.11 |
| 2003-04വരവ് | എൽ.എഫ്.കെ.പി1/960/അദാ/എ1/2011/22.8.11 |
| 2003-04ചെലവ് | കെ.എസ്.എ-കെ.ടി.എം.പി12/242/16/18.3.16/23.3.106 |
| 2004-05വരവ് | കെ.എസ്.എ-കെ.ടി.എം.പി12/242/16/5.5.16/10.5.16 |
| 2004-05ചെലവ് | എൽ.എഫ്.കെ.പി4/278/07/25.4.07/1.9.07 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12/514/16/5.5.16/10.5.16 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12/242/16/18.3.16/23.3.16 |
| 2007-08 | എൽ.എഫ്.കെ.പി4/332/10 തീയ്യതി19.8.10/4.12.10 |
| 2008-09 | എൽ.എഫ്.കെ.പി12/520/13/14.5.13 |
| 2009-10 | എൽ.എഫ്.കെ.പി12/521/13/18.5.13 |
| 2010-11&2011-12 | എൽ.എഫ്.കെ.പി12/157/13/ 08.10.15/13.11.15 |
| 2012-13 | എൽ.എഫ്.കെ.പി.12/1405/14/11.12.14/20.3.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12/164/15/5.5.16/10.5.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എംപി12/1126/16/1.8.16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി12/1863/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 21.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം